# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.5413 — 04.07.2013 ൽ മറുപടിക്ക്

### കായംകുളം താലൂക്ക് ആശുപത്രിയിൽ പൂട്ടിയിട്ടിരിക്കുന്ന പേവാർഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി.കെ.സദാശിവൻ: | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കായംകുളം താലൂക്കാശുപത്രിയിൽ പകുതിയിലേറെ പേവാർഡുകൾ മാസങ്ങളായി പൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപണികൾ നടത്തുന്നതിന് വേണ്ടിയാണ് പേ വാർഡുകൾ പൂട്ടിയിട്ടിരിക്കുന്നത്. |
| (ബി) | പേ വാർഡ് രോഗികൾക്കായി തുറന്നു കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | അറ്റകുറ്റപ്പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് പേവാർഡ് രോഗികൾക്ക് തുറന്നുകൊടുക്കുന്നതാണ്. |
| (സി) | പനിബാധിതരുടെ എണ്ണം കൂടിയ സാഹചര്യത്തിൽ താലൂക്കാശുപത്രികളിൽ ഒ.പി. സമയം കൂട്ടണമെന്ന നിർദ്ദേശം കായംകുളം താലൂക്കാശുപത്രിയിൽ പാലിക്കപ്പെടുന്നുണ്ടോ; എത്ര ഡോക്ടർ മാരുടെ സേവനമാണ് ഈ സമയങ്ങളിൽ ഒ.പി.യിൽ ലഭിക്കുക എന്നറിയിക്കുമോ? | (സി) | പാലിക്കപ്പെടുന്നുണ്ട്. ഉച്ചയ്ക്ക് 2 മണിമുതൽ രാത്രി 8 മണിവരെ എല്ലാ ദിവസവും പനിബാധിതർക്കായി പ്രത്യേക ഒ.പി. കൗണ്ടർ ആരംഭി ച്ചിട്ടുണ്ട്. ക്യാഷ്വാലിറ്റി മെഡിക്കൽ ഓഫീസറെ കൂടാതെ നിലവിലുള്ള ഡോക്ടർമാരിൽ നിന്നും ഒരാളെ ടേൺ ഡ്യൂട്ടി പ്രകാരം പ്രസ്തുത ഒ.പി. കൗണ്ടറിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ പനിബാധിതർക്കായി രാവിലെ 8 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെ പ്രത്യേക ഫീവർ ഒ.പി.യും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ